*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററിവിഭാഗം,*
*ജഗതി,തിരുവനന്തപുരം*

നംബർ. ICT Cell/1771/4/DGE-HSE/2025 13/06/2025

# മോഡൽ റെസിഡെൻഷ്യൽ സ്കൂൾ
## ഏകജാലകപ്രവേശനം-2025
## <u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>

മോഡൽ റെസിഡെൻഷ്യൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ അഡ്മിഷനുവേണ്ടിയുള്ള മൂന്നാമത്തെ അലോട്ട്മെൻറ് റിസൾട്ട് 2025 ജൂൺ 16 ന് രാവിലെ 10 മണി മുതൽ പ്രവേശനം സാധ്യമാകും വിധം പ്രസിദ്ധീകരിക്കുന്നതാണ്. കാൻഡിഡേറ്റ് ലോഗിനിലെ **Third Allot Results** എന്ന ലിങ്കിലൂടെ അലോട്ട്മെൻറ് റിസൽട്ട് പരിശോധിക്കാവുന്നതാണ്. അലോട്ട്മെൻറ് ലഭിച്ചവർ പ്രസ്തുത പേജിൽ നിന്നും അലോട്ട്മെൻറ് ലെറ്റർ എടുക്കുന്ന ലിങ്കിലൂടെ **രണ്ട് പേജുള്ള അലോട്ട്മെൻറ് ലെറ്റർ പരിശോധിച്ച് പ്രവേശനത്തിന് ഹാജരാകണം.** അലോട്ട്മെൻറ് ലെറ്റർ അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ നിന്നും അഡ്മിഷൻ സമയത്ത് പ്രിൻറ് എടുത്ത് നൽകുന്നതാണ്.

താൽക്കാലിക പ്രവേശനത്തിലുള്ള വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ നിലനിർത്താൻ ഇനി അവസരം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് തന്നെ അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും സ്ഥിരപ്രവേശനം നേടണം. പ്രവേശന നടപടികൾ **2025 ജൂൺ 16 ന് 10 മണിയ്ക്ക് ആരംഭിച്ച് ജൂൺ 17 ന് വൈകിട്ട് 5 മണിയ്ക്ക്** പൂർത്തിയാക്കുന്നതാണ്. അലോട്ട്മെൻറ് ലഭിച്ചിട്ടും പ്രവേശനം നേടാതിരിക്കുന്ന വിദ്യാർത്ഥികളെ തുടർന്നുള്ള അലോട്ട്മെൻറുകളിൽ പരിഗണിക്കില്ല. വിദ്യാർത്ഥികൾക്ക് തങ്ങൾ അപേക്ഷിച്ച ഒരോ സ്കൂളിലേയും കാറ്റഗറി തിരിച്ചുള്ള അവസാന റാങ്ക് വിവരങ്ങൾ പരിശോധിക്കാവുന്നതാണ്

അലോട്ട്മെൻറ് ലെറ്ററിൻെറ ഒന്നാമത്തെ പേജിൽ ഹാജരാക്കുന്ന രേഖകളുടെ വിവരങ്ങളും പഠനത്തിനായി തിരഞ്ഞെടുക്കുന്ന രണ്ടാം ഭാഷയും രേഖപ്പെടുത്തി വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പ് വച്ചിരിക്കണം. യോഗ്യതാ സർട്ടിഫിക്കറ്റ്, വിടുതൽ സർട്ടിഫിക്കറ്റ് ,സ്വഭാവ സർട്ടിഫിക്കറ്റ് ,ബോണസ് പോയിൻറ്, ടൈ ബ്രേക്ക് എന്നിവ അവകാശപ്പെട്ടിട്ടുള്ളവർ പ്രസ്തുത സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കണം. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ബോർഡുകളിൽ നിന്നും ലഭ്യമാകാത്ത വിദ്യാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതാണ്. പ്രവേശനത്തിനായി വിദ്യാർത്ഥികൾ സ്വയം സാക്ഷ്യപ്പെടുത്തി

സമർപ്പിക്കുന്ന യോഗ്യത തെളിയിക്കുന്ന പകർപ്പുകൾ/ഡിജിറ്റൽ സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാവുന്നതാണ്. ആവശ്യമെങ്കിൽ സ്കൂൾ അധികൃതർ ഔദ്യോഗിക വെബ്സൈറ്റിലൂടെ പ്രസ്തുത റിസൾട്ടിൻെറ സാധുത ഉറപ്പാക്കുന്നതാണ്. **പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റിൻെറയും സ്വഭാവ സർട്ടിഫിക്കറ്റിൻേറയും അസ്സൽ നിർബന്ധമായും ഹാജരാക്കിയിരിക്കണം.**

അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുള്ള സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളാണ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടത്.

അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികളെല്ലാം രക്ഷകർത്താക്കളോടൊപ്പം **2025 ജൂൺ 17 ന്** വൈകിട്ട് 5 മണിയ്ക്ക് മുൻപായി തന്നെ സ്കൂളുകളിൽ പ്രവേശനത്തിന് ഹാജരാകേണ്ടതാണ്.

**ജോയിൻറ് ഡയറക്ടർ (അക്കാദമിക്)**

*പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,*

*ഹയർ സെക്കണ്ടറി വിഭാഗം,*

*ന്യൂ ബിൽഡിംഗ്,ഡി.പി.ഐ.ജംഗ്ഷൻ,ജഗതി,*

*തിരുവനന്തപുരം–14*

നംബർ. **ICT Cell/1771/2/DGE-HSS/2025** **13 /05/2025**

## സർക്കുലർ

**വിഷയം : പ്രവേശനസമയത്ത് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളെ സംബന്ധിച്ച് അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

1. യോഗ്യതാ സർട്ടിഫിക്കറ്റ്,വിടുതൽ സർട്ടിഫിക്കറ്റ്,സ്വഭാവ സർട്ടിഫിക്കറ്റ്,ബോണസ് പോയിൻറ്, ടൈബ്രേക്ക് എന്നിവ അവകാശപ്പെട്ടിട്ടുള്ളവർ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ ഹാജരാക്കണം.

2. പ്രായ പരിധി ഇളവ് വേണ്ടുന്നവർ പ്രോസ്പെക്ടസ്സിൽ പ്രതിപാദിക്കുന്ന തരത്തിലുള്ള ഉത്തരവുകളുടെ അസ്സൽ ഹാജരാക്കണം. (അപേക്ഷകർക്ക് 2025 ജൂൺ മാസം ഒന്നിന് പതിനഞ്ച് വയസ് പൂർത്തിയായിരിക്കണം. എന്നാൽ ഇരുപത് വയസ് കവിയാൻ പാടില്ല).

   കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി പരീക്ഷ വിജയിക്കുന്ന അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയില്ല.

   മറ്റ് ബോർഡുകളുടെ പരീക്ഷകൾ വിജയിച്ച അപേക്ഷകർക്ക് കുറഞ്ഞ പ്രായ പരിധിയിലും, ഉയർന്ന പ്രായപരിധിയിലും ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അധികാരമുണ്ട്. അത്തരം വിഭാഗക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

കേരളത്തിലെ പൊതു പരീക്ഷാ ബോർഡിൽ നിന്ന് എസ്.എസ്.എൽ.സി വിജയിച്ച അപേക്ഷകർക്ക് ഉയർന്ന പ്രായപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിക്കുവാൻ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ട്. അത്തരം വിഭാഗക്കാർ ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

മേൽപറഞ്ഞപ്രകാരമല്ലാത്ത പ്രായപരിധി ഇളവുകൾ അനുവദിക്കുവാനുള്ള അധികാരം പൊതുവിദ്യാഭ്യാസ സെക്രട്ടറിക്കാണ്. അത്തരം വിഭാഗക്കാർ പൊതുവിദ്യാഭ്യാസ സെക്രട്ടറി നൽകുന്ന പ്രായപരിധി ഇളവ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

3. വിഭിന്ന ശേഷി വിഭാഗത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ 40 ശതമാനത്തിൽ കുറയാത്ത വൈകല്യമുണ്ടെന്നു തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡിൻെറ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

4. സാമുദായിക സംവരണം പരിശോധിക്കുന്നതിന്. **SSLC** ബുക്കിലെ സമുദായ വിവരങ്ങൾ മതിയാകും. എന്നാൽ **SSLC** ബുക്കിൽ നിന്നും വിഭിന്നമായ സാമുദായിക വിവരമാണ് സംവരണ വിഭാഗക്കാർ അപേക്ഷയിൽ നൽകിയിട്ടുള്ളതെങ്കിൽ റവന്യൂ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം.

**OEC** വിദ്യാർത്ഥികൾ ഫീസാനുകൂല്യത്തിന് റവന്യൂ അധികൃതർ നൽകിയ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം

.അനുബന്ധം 3 ൽ ഉൾപ്പെട്ട ഒ.ബി.എച്ച് ലെ വിഭാഗക്കാർ റവന്യൂ അധികൃതരിൽ നിന്നും ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും ഹാജരാക്കിയാൽ മാത്രമേ ഫീസാനുകൂല്യം ലഭിക്കുകയുള്ളൂ.

5. തമിഴ്/കന്നട ഭാഷാ ന്യൂനപക്ഷമാണെങ്കിൽ ആ വിവരം യോഗ്യതാ സർട്ടിഫിക്കറ്റിൽ / എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ മാതൃഭാഷയുടെ (ഒന്നാംഭാഷ) കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടാവും. അല്ലാത്ത പക്ഷം രജിസ്റ്റർ ചെയ്ത തദ്ദേശ

ഭാഷാന്യൂനപക്ഷ സംഘടനയുടെ സെക്രട്ടറി/ചെയർമാൻ പ്രസ്തുത സംഘടനയുടെ അംഗത്വ രജിസ്റ്ററിൻെറ അടിസ്ഥാനത്തിൽ ലെറ്റർഹെഡിൽ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം

6. സ്ഥിരതാമസ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും താലൂക്കിൻേറയും പേരിൽ ബോണസ് പോയിൻറുകൾ ലഭിക്കുന്നവർ SSLC ബുക്കിൽ ആ വിവരങ്ങളുണ്ടെങ്കിൽ മറ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതില്ല.അല്ലാത്ത പക്ഷം റേഷൻ കാർഡോ നേറ്റിവിറ്റി സർട്ടിഫിക്കറ്റോ ഹാജരാക്കണം.

7. എൻ.സി.സി ക്ക് 75 ശതമാനം ഹാജരുണ്ടെന്ന എൻ.സി.സി ഡയറക്ടറേറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് നിർബന്ധമാണ്. പുരസ്കാർ ലഭിച്ചിട്ടുണ്ടെങ്കിൽ മാത്രം സ്കൗട്ട് വിഭാഗത്തിൽ ബോണസ് പോയിൻറിന് അർഹതയുണ്ടാകും.

8. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാവിഭാഗങ്ങളിലെ സർവീസിലുള്ള ജവാൻെറ ആശ്രിതർ എന്നുള്ളതിന് പ്രസ്തുത ജവാൻെറ സർവീസ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. ആർമി/നേവി/എയർഫോഴ്സ് എന്നീ സേനാവിഭാഗങ്ങളിൽ നിന്നും വിരമിച്ച എക്സ് സർവീസ് ജവാൻെറ ആശ്രിതർ എന്നുള്ളതിന് സൈനിക വെൽഫയർ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം

9. സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾ ***GO(No) No.214/2012/Home dated 04/08/2012*** വിവക്ഷിച്ച മാതിരി **SPC Project Kerala** നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം.

10. ടൈ ബ്രേക്കിന് പോയിൻറ് നൽകുന്ന ഇനങ്ങളിൽ **NTSE,NMMSSE,USS,LSS** ഒഴികെയുള്ളവ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് പങ്കെടുത്തവയായിരിക്കണം. **NTSE** ക്ക് പോയിൻറ് ലഭിക്കാൻ എട്ടാം ക്ലാസ്സിൽ അല്ലെങ്കിൽ പത്താം ക്ലാസ്സിൽ പഠിച്ചിരുന്ന സമയത്ത് **SCERT** യോ **NCERT** യോ നൽകിയ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

11. എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസിനും കോ-കരിക്കുലർ ആക്ടിവിറ്റീസിനും ബന്ധപ്പെട്ട അധികാരികൾ പ്രോസ്പകട്സിലെ അനുബന്ധം 4 മാതൃകയിൽ നൽകുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

12. ലിറ്റിൽ കൈറ്റ്സിനുള്ള ബോണസ് പോയിൻറ് ലഭിക്കുന്നതിന് കൈറ്റ് നൽകിയിട്ടുള്ള A ഗ്രേഡ് സർട്ടിഫിക്കറ്റ് ഹാജരാക്കണം.

13. മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള **(EWS)** 10% സംവരണ സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് പ്രോസ്പക്ടസിലെ അനുബന്ധം 10 സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 –ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും അനുസരിച്ച് വില്ലേജ് ആഫീസറിൽ നിന്നും **Income & Assets Certificate** ലഭിക്കുന്നവരായിരിക്കണം. **EWS** റിസർവേഷന് ആവശ്യമുള്ള **Annexure 1** മാതൃകയിലുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ **Annexure 3** മാതൃകയിലുള്ള **Income & Assets Certificate** ഹാജരാക്കണം.

14. പ്രത്യേക പരിഗണനക്കായി ഉൾപ്പെടുത്തുന്ന എല്ലാ വിവരങ്ങൾക്കും വേണ്ടുന്ന സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ ഓൺലൈൻ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതുള്ളതിനാൽ എല്ലാ സർട്ടിഫിക്കറ്റുകളും സർട്ടിഫിക്കറ്റ് നമ്പറും തീയതിയും രേഖപ്പെടുത്തിയിട്ടുള്ളതായിരിക്കണം.

15. **LSS** പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ **LSS** സർട്ടിഫിക്കറ്റ് ഹാജരാക്കണം.

16. **USS** പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ പരീക്ഷാഭവനിൽ നിന്നും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ആണ് ഹാജരാക്കേണ്ടത്.

17. **NMMSS** പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ റിസൾട്ട് പേജ് ഹാജരാക്കണം.

ഒപ്പ്/-

പൊതുവിദ്യാഭ്യാസ ഡയറക്ടർ